# മുഖവുര

**1. ദേശവും ആളുകളും.** – പഴയനിയമ പിതാക്കന്മാരുടെയും രാജാക്കന്മാരുടെയും, പ്രവാചകന്മാരുടെയും ബന്ധമുള്ള പതിനഞ്ച് വിശുദ്ധമായ നൂറ്റാുകളിലൂടെ വളരുന്ന സംഭവങ്ങളാണ് ഇപ്പോൾ നാം ആരായുവാൻ പോകുന്നത്. അബ്രഹാം ആദ്യം ശേഖേമിൽ കൂടാരം അടിച്ചതുപോലെ തന്നെയാണ് പ്രകൃതിദൃശ്യം; മറ്റെല്ലാം മാറിയിരിക്കുന്നു. പുരാതന പട്ടണങ്ങളും ആളുകളും അപ്രത്യക്ഷമാകയോ പശ്ചാത്തലത്തിൽ മറയുകയോ ചെയ്തിരിക്കുന്നു; പുതിയ ആളുകളും പട്ടണങ്ങളും മുൻപിലേക്കുവന്നിരിക്കുന്നു. കനാൻ പാലസ്തീനായി തീർന്നിരിക്കുന്നു, ആ പേർ ഫെലിസ്ത്യരിൽനിന്നു വന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പേരുകൾ അവരുടെ ദേശീയ ജീവിതം മാറിയതനുസരിച്ച് വ്യത്യാസമുള്ളതായി. ഏറ്റവും ആദ്യത്തെ പേരായ, എബ്രായർ എന്നതിൽ, ഇപ്പോൾ കടിച്ചുതൂങ്ങിയിരിക്കുന്നു. യിസ്രായേൽ എന്ന നാമം, യാക്കോബിന്റെ സമയം മുതൽ വന്നതായിരുന്നു, രഹോബെയാമിന്റെ കീഴിൽ രാജ്യം വിഭജിക്കപ്പെട്ടശേഷം വന്നതുമായിരുന്നു; എന്നാൽ യെഹൂദനെന്ന പേർ, യെഹൂദയിൽ നിന്നും വന്നതാണ്, അതായിരുന്നു പിന്നീടു പഴയനിയമ കാലത്തിലെല്ലാം ഉായിരുന്ന ദേശീയ നാമം. ആരംഭത്തിൽ ഒറ്റപ്പെട്ടിരുന്നതുപോലെ ആയിരുന്നില്ല ദേശം പിന്നീട്. ജീവിതം സങ്കീർണ്ണതയിലേക്കു വളർന്നു. അതിലേക്ക് പുതിയ പ്രവാഹങ്ങൾ ഒഴുകിയെത്തി. ഒരു റോമൻ നാടുവാഴി തന്റെ പ്രാകാരം പുതിയ തലസ്ഥാനമായ കൈസര്യയിൽ ആക്കി, അതുമല്ലെങ്കിൽ പഴയ വിശുദ്ധനഗരമായ യെരുശലേമിൽ ആക്കിയിരുന്നു. റോമാ കൊലയാളികളും റോമാ ചുങ്കം പിരിവുകാരും എല്ലായിടത്തും ഉായിരുന്നു. സ്കൂളുകളിലെ ശുദ്ധമായ ഭാഷ പുരാതന എബ്രായ ഭാഷ ആയിരുന്നു, അത് ആധുനിക ഇറ്റലിക്കാരൻ കുട്ടി ലാറ്റിൻ പഠിക്കുന്നതുപോലെ ആയിരുന്നു. തദ്ദേശവാസികളുടെ ഭാഷ സാധാരണ അരാമ്യ ഭാഷ ആയിരുന്നു; എന്നാൽ ലാറ്റിൻ ഔദ്യോഗിക ഭാഷയും, ഗ്രീക്ക് സാഹിത്യഭാഷയും ആയിരുന്നു.

**2. പാലസ്തീനിന്റെ അഞ്ചു ഭാഗങ്ങൾ.** – പുതിയ നിയമ കാലത്ത് പാലസ്തീനിനെ അഞ്ചു ജില്ലകളായി തിരിച്ചിരുന്നു, യോർദ്ദാന്റെ പടിഞ്ഞാറു മൂന്നും കിഴക്കു രും ആയിരുന്നു. പടിഞ്ഞാറുായിരുന്നവ,–

*a. ഗലീലി,* അത് വടക്ക്, ജനസംഖ്യയുള്ള, പരിഷ്കാരമില്ലാത്ത, മുഖ്യമായും യെഹൂദന്മാരുള്ള പ്രവിശ്യ ആയിരുന്നു, എങ്കിലും വലിയ ജാതീയ മൂലകവും ഉായിരുന്നു. കഫർന്നഹൂം ഒരു മുഖ്യ പട്ടണമായിരുന്നു, അത് ഗലീലി നദിക്കുചുറ്റും ഉായിരുന്ന പ്രദേശമായിരുന്നുവെങ്കിലും അതിൽ പട്ടണങ്ങളും ഗ്രാമങ്ങളും ഉായിരുന്നു.

*b. യെഹൂദ്യ,* തെക്ക്, തികച്ചും കൂടുതൽ യെഹൂദന്മാരുായിരുന്ന, പരിഷ്കൃതരും കുലീനരുമായിരുന്ന ആളുകൾ ആയിരുന്നു അവിടെ ഉായിരുന്നത്. അതിൽ, ദാവീദിനും യേശുവിനും ജന്മം നൽകിയ പ്രാധാന്യമില്ലാത്ത ബേത്‌ലെഹേമും; റോമൻ തലസ്ഥാനമായിരുന്ന, കൈസര്യ, മഹാനായ ഹെരോദാവു സ്ഥാപിച്ചതും, *യെരുശലേം*, എന്ന ദേശീയവും മതപരവുമായ *കേന്ദ്ര*സ്ഥാനവും വിസ്തൃതമായി ചിതറിപ്പോയ കുടുംബത്തിന്റെ

സ്ഥാനവും ഉൾപ്പെട്ടിരുന്നു.

*c. ശമര്യ,* മദ്ധ്യഭാഗത്ത്, ഒരു സങ്കരവർഗ്ഗവും മതവും ആയി, വളരെയധികം വെറുക്കപ്പെടുകയും, വെറുക്കുകയും ചെയ്ത, യെഹൂദ അയൽക്കാരുള്ളതുമായ സ്ഥലമായിരുന്നു. പുരാതനശേഖമായിരുന്ന, സികാർ, പുരാതന ശമര്യ ദേവാലയം നിലനിന്ന സ്ഥലവും, വളരെ താല്പര്യം ജനിപ്പിക്കുന്നതുമായിരുന്നു.

യോർദ്ദാന്റെ കിഴക്കുായിരുന്ന ജില്ലകൾ,-

*d. പെറിയ,* തെക്ക്, മുഖ്യമായും യെഹൂദജനസംഖ്യ ഉായിരുന്ന ഒരു രാജ്യമായിരുന്നു.

*e.* യോർദ്ദാന്റെ കിഴക്കുായിരുന്ന വടക്കൻ ജില്ലക്ക് ഒരു പ്രത്യേക പേർ ഉായിരുന്നില്ല. അതിനെ ചിലപ്പോൾ ഡെക്കപ്പൊലിസ് എന്നു വിളിച്ചിരുന്നു (പത്തു പട്ടണങ്ങളുടെ ജില്ല); എന്നാൽ ഡെക്കപ്പൊലിസിൽ ഉൾപ്പെട്ടത് ദക്ഷിണഭാഗം മാത്രമായിരുന്നു. അത് പുരാതന ബാഷാൻ രാജ്യത്തോടു ഏതാു യോജിച്ചിരുന്നു, അതുകൊു അതിനെ *ബാഷാൻ ജില്ല* എന്നു വിളിച്ചിരുന്നു. അതിൽ ഫിലിപ്പ്യയുടെ നാലുപേർ ഒന്നിച്ചുള്ള ഭരണവും ഉൾപ്പെട്ടിരുന്നു. ജനസംഖ്യയിൽ അധികവും ജാതിയും, മതവും ഇല്ലാത്തവരായിരുന്നു. യേശുവിന്റെ ശുശ്രൂഷ ആ അഞ്ച് ജില്ലകളിലേക്കും വ്യാപിച്ചിരുന്നു, എന്നാൽ താല്പര്യം മുഖ്യമായും യെഹൂദ്യയിലും ഗലീലിയിലും കേന്ദ്രീകരിച്ചിരുന്നു.

**3. പാലസ്തീനിലെ ഭരണക്കാർ.** – *a. റോമാചക്രവർത്തിമാർ.*– റോമാചക്രവർത്തിമാരുടെ കീഴിൽ പ്രാദേശിക ഭരണത്തിൻ കീഴിലായിരുന്നു പാലസ്തീൻ. ക്രിസ്തുവിന്റെ സമയത്തെ, ചക്രവർത്തിമാരായിരുന്നു, ഒക്റ്റാവിയസും (അഗസ്റ്റസ്) കൈസറും (ബി.സി. 31–ഏ.ഡി. 14) റൈബീരിയസും (ഏ.ഡി. 14–37). പുതിയനിയമ ചരിത്രത്തിലെ മറ്റു പ്രധാനപ്പെട്ട ചക്രവർത്തിമാർ ക്രൗഡിയസ് (ഏ.ഡി. 41–54), നീറോ (ഏഡി. 54–68) വെസ്പേഷ്യൻ (ഏഡി. 69–79).

*b. പ്രാദേശിക ഭരണകർത്താക്കൾ.* – പ്രാദേശിക രാഷ്ട്രീയം ഇങ്ങനെ ചുരുക്കാം: (1) മഹാനായ ഹെരോദാവിന്റെ രാജ്യം. മഹാനായ ഹെരോദാവു, തന്റെ മരണം വരെ മുകളിൽ പേർ പറഞ്ഞ അഞ്ചു ജില്ലകളിന്മേലും, പരമ്പരാഗതമായി ഭരണം നടത്തിയിരുന്നു, ബി.സി. 4.[1] (2) ഇടപ്രഭൂക്കന്മാർ (നാലു സർക്കാരിന്റെ ഭരണം), ബി.സി. 4–ഏ.ഡി. 41. ഹെരോദാവിന്റെ രാജ്യം അവന്റെ മൂന്നു മക്കളിലായിരുന്നു വിതരണം ചെയ്തിരുന്നത്. അർക്കലെയോസിനു (മത്താ. 2:22) യെഹൂദയും ശമര്യയും ലഭിച്ചു. ഏ.ഡി. 6–ൽ അവൻ ചക്രവർത്തിയുടെ അപ്രീതി സമ്പാദിക്കുകയും, അവന്റെ രാജ്യം ചക്രവർത്തിമാരുടെ ഒരു കൂട്ടം നാടുവാഴിമാരെ ഏല്പിച്ചു, അവരിൽ ആറാമത്തെ നാടുവാഴി ആയിരുന്നു പൊന്തിയൊസ് പിലാത്തൊസ്. അന്തിപ്പാസ് (ഇടപ്രഭു ആയിരുന്ന ഹെരോദാവു, മത്താ. 14:3) ഗലീലിയും പെറിയയും കൈവശമാക്കി. ഫിലിപ്പൊസ് ബാശാനിലെ ഇടപ്രഭുവായിത്തീർന്നു (ലൂക്കൊസ് 3:1). നാലാമത്തെ ഇടപ്രഭുവിനെപ്പറ്റി ലൂക്കൊസ് 3:1–ൽ പറയുന്നു്. ഹെരോദ്യകുടുംബത്തിൽ പെട്ടവനായിരുന്നില്ല ലിസാനിയസ്, അബിലീൻ മഹാനായ ഹെരോദ്യാവിന്റെ ആധിപത്യത്തിനു പുറത്തായിരുന്നു. (3) ഹെരോദാവ് അഗ്രിപ്പാവ് I ന്റെ രാജ്യം, ഏ.ഡി.41–44.[2] ഹെരോദാവ് അഗ്രിപ്പാവ് (പ്രവൃത്തികൾ 12:1–23) മഹാനായ ഹെരോദാവിന്റെ കൊച്ചുമകൻ ആയിരുന്നു.

കലിഗുള ചക്രവർത്തിയുടെ ആനുകൂല്യത്താൽ, അബിലീനെ ഒരു വശത്തു ചേർത്തുകൊ്, പാലസ്തീനെ മുഴുവൻ യോജിപ്പിച്ച് അവന്റെ ഭരണത്തിൻ കീഴിൽ കൊുവന്നു; അതുകൊു ശലോമോനു ശേഷം അവൻ മറ്റേതൊരു യെഹൂദ രാജാവിനേക്കാളും കൂടുതൽ പ്രദേശങ്ങൾ ഭരിച്ച രാജാവായി തീർന്നു. (4) അഗ്രിപ്പാ രാജാവ് II, ഏ.ഡി. 44-66.[3] ഹെരോദാവു അഗ്രിപ്പാവു മരിച്ചപ്പോൾ, ഒരു പുതിയ വിഭജനം ഉായി. അവന്റെ മകനായിരുന്ന, ഹെരോദാവ് അഗ്രിപ്പാവു II വിനു (പ്രവൃത്തികൾ 26:2), ഇടപ്രഭുക്കന്മാരായ ഫിലിപ്പൊസിന്റേയും ലിസാനിയസിന്റേയും പഴയ പ്രദേശങ്ങൾ നല്കി. യെഹൂദ സംസ്ഥാനവും യെരുശലേമും, ഏ.ഡി. 70-ൽ നശിക്കുന്നതുവരെ അവൻ അവയെ ഭരിച്ചു. അവനെ "അഗ്രിപ്പാ രാജാവു" എന്നു മര്യാദ കൊുമാത്രമാണ് വിളിച്ചിരുന്നത്. പാലസ്തീനിലെ മറ്റു പ്രവിശ്യകൾ പൊന്തിയൊസ് പിലാത്തൊസിന്റെ കാലത്തെന്ന പോലെ, നാടുവാഴിമാരെ ഏല്പിച്ചിരുന്നു. പുതിയനിയമത്തിൽ അവരുടെ പേരുകൾ പറഞ്ഞിട്ടുള്ളത് ഫേലിക്സ്, ഏ.ഡി. 53-60 (പ്രവൃത്തികൾ 23, 24), ഫെതസ്തൊസ്, ഏ.ഡി. 60-62 (പ്രവൃത്തികൾ 24-26).

കുറിപ്പുകൾ

[1]യേശുക്രിസ്തുവിന്റെ ജനനം മുതലുള്ള കാലം കണക്കാക്കുന്ന രീതി നാലാം നൂറ്റാിലേതാണ്. സന്യാസിയായിരുന്ന, ഡയോനീസീയസ് എക്സിജ്യൂവസ്, കണക്കാക്കിയ തീയതിയിൽ, നാലുവർഷത്തെ പിശകുായിരുന്നു. യേശുക്രിസ്തു ജനിച്ചു ഒരു വർഷത്തിനുള്ളിൽ ഒരുപക്ഷെ ഹെരോദാവു മരിച്ചിരിക്കാം. [2]ഏ.ഡി. 37-ൽ ഹെരോദാവു അഗ്രിപ്പാവ് I പാലസ്തീനിന്റെ തെക്കു കിഴക്കേ ഭാഗത്തുള്ള പ്രദേശങ്ങൾ തന്റെ രാജ്യമാക്കി രാജാവ് എന്നുള്ള പദവി സ്വീകരിച്ചു. ഏ.ഡി. 39-ൽ ഗലീലിയും പെറിയയും അവന്റെ രാജ്യത്തോടു ചേർത്തു. ഏ.ഡി. 41-ൽ അവന് യെഹൂദ്യയും ശമര്യയും ലഭിച്ചു. അവന്റെ ഭരണകാലത്തെ ഏഡി. 37-44 ആയി പറയുന്ന ചില എഴുത്തുകാരാണ് മെറിൽ സി. ടെന്നെ, *ന്യൂ ടെസ്റ്റമെന്റ് സർവേ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയുഎം. ബി. എഡ്മാൻസ് പബ്ളിഷിങ് കമ്പനി., 1985); റോബർട്ട് ഗൻട്രി, *എ സർവേ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോർവാൻ, 1970); റോബർട്ട് ഗ്രോമാക്കി, *ന്യൂ ടെസ്റ്റമെന്റ് സർവേ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1974). [3]ഏ.ഡി. 66 റോമിനെതിരെയുള്ള യെഹൂദ യുദ്ധം പൊട്ടി പുറപ്പെട്ടതിനെ സൂചിപ്പിക്കുന്നു, അതു നയിച്ചത് റോമൻ സൈന്യാധിപനായിരുന്ന റ്റൈറ്റസ് യെരുശലേമിലേക്ക് തന്റെ സൈന്യത്തെ കൊുപോയി അങ്ങനെ ഏഡി. 70-ൽ അതിനെ നശിപ്പിച്ചു.